LIBRARY ARCHIVES Kerala Legislative Assembly

കിഫ്ബിക്കുള്ള സർക്കാർ ഗ്രാന്റ്

16 (*166) ഡോ. മാത്യു കുഴൽനാടൻ:

ശ്രീ. പി. സി. വിഷ്ണുനാഥ്:

ശ്രീ. സജീവ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ) സദയം മറുപടി നൽകുമോ;

(എ) സംസ്ഥാന സർക്കാരിൽനിന്നും കിഫ്ബിക്ക് ഗ്രാന്റിനത്തിൽ നാളിതുവരെ എത്ര തുക നൽകിയിട്ടുണ്ടെന്ന കണക്ക് ലഭ്യമാണോ; എങ്കിൽ നൽകുമോ?

കിഫ്ബി പുനഃസംഘടിപ്പിക്കപ്പെട്ടതിനോടനുബന്ധിച്ച് കോർപ്പസായി കൈമാറിയ 2498.4 കോടി രൂപയ്ക്കുപുറമേ 2016-17 സാമ്പത്തിക വർഷം മുതൽ മോട്ടോർ വാഹനനികുതിയുടെ ഒരു നിശ്ചിത ശതമാനവും പെട്രോൾ/ഡീസൽ സെസും കിഫ്ബിക്ക് കൈമാറുന്നുണ്ട്. 2021 ജൂൺ 30 വരെ സർക്കാരിൽ നിന്ന് ലഭ്യമാക്കിയ തുകയുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു*.

(ബി) നിർദ്ദിഷ്ട കാലയളവിൽ കിഫ്ബിക്ക് ഗ്രാന്റായി ലഭിക്കുന്ന തുകയും തിരിച്ചടവ് ബാധ്യതയും സന്തുലിതമായിരിക്കുമെന്ന് കിഫ്ബി ഉറപ്പുവരുത്തുന്നുണ്ടോ; വിശദാംശം വ്യക്തമാക്കുമോ?

കഴിഞ്ഞ 5 വർഷ കാലയളവിൽ കിഫ്ബി 63259 കോടി രൂപ ചെലവ് വരുന്ന പദ്ധതികൾക്കാണ് അംഗീകാരം നൽകിയിട്ടുള്ളത്. ഇവയെല്ലാംതന്നെ സ്ഥലമേറ്റെടുപ്പ്, ടെണ്ടറിംഗ്, നിർമ്മാണം എന്നിങ്ങനെ പദ്ധതി നിർവ്വഹണത്തിന്റെ വിവിധ ഘട്ടങ്ങളിലാണ്. ചില പദ്ധതികൾ പൂർത്തിയാക്കിയിട്ടുമുണ്ട്. പദ്ധതികൾക്ക് വേണ്ടിവരുന്ന തുകയെല്ലാം മുൻകൂട്ടി സമാഹരിച്ചുവയ്ക്കുന്ന രീതിയല്ല കിഫ്ബി അവലംബിച്ചിരിക്കുന്നത്. 'കൺടോൾഡ് ലെവറേജിംഗ്' മാതൃകയിൽ പദ്ധതികൾക്കുള്ള ബിൽ വരുന്നമുറക്ക് അവയ്ക്ക് പണം നൽകുന്നതിനാവശ്യമായ രീതിയിലാണ് കിഫ്ബി ധനസമാഹരണം നടത്തുന്നത്. ഇത്തരത്തിൽ 6 മാസം കാലയളവിലേയ്ക്കുള്ള ബില്ലുകൾകൊടുക്കുന്നതിനാവശ്യമായ ബഫർ തുക കിഫ്ബി ഉറപ്പുവരുത്തുന്നുണ്ട്. കിഫ്ബി തദ്ദേശീയമായി വികസിപ്പിച്ചെടുത്ത ഒരു അസറ്റ്-ലയബിലിറ്റി മാനേജ്മെന്റ് സോഫ്റ്റ് വെയറാണ് (ALM Software) ഇതിനു സഹായിക്കുന്നത്. കിഫ്ബിക്ക് ഗ്രാന്റായി ലഭിക്കുന്ന തുകയും തിരിച്ചടവ് ബാധ്യതയും ശാസ്ത്രീയമായി വിലയിരുത്തി ഉചിതമായ

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly

ധനസമാഹരണ രീതി നിർദ്ദേശിക്കുന്നതിന് കെല്പുള്ളതാണ് ഈ സംവിധാനം. ഇങ്ങനെ ചെയ്യുന്നതുവഴി അനാവശ്യമായി കടമെടുത്ത് പലിശകൊടുക്കുന്ന സാഹചര്യം ഒഴിവാക്കുവാൻ സാധിക്കുന്നതിനും വരുമാനവും തിരിച്ചടവ് ബാധ്യതയും സന്തുലിതമായി കൊണ്ടുപോകുന്നതിനും സഹായിക്കും.

(സി) കിഫ്ബി പദ്ധതികൾക്ക് അനുമതി നൽകുമ്പോൾ തിരിച്ചടവ് ബാധ്യത വിലയിരുത്താറുണ്ടോ; വിശദമാക്കുമോ?

നാളിതുവരെ കിഫ്ബി അനുമതി നല്കിയ പദ്ധതികളിൽ വരുമാന ദായകമായ പദ്ധതികളും നേരിട്ട് വരുമാനം ലഭിക്കാൻ സാധ്യതയില്ലാത്ത സാമൂഹ്യ-സേവനമേഖയിലെ അവശ്യ പദ്ധതികളും ഉൾപ്പെടുന്നു. പദ്ധതികൾ വിശദ പരിശോധനക്ക് വിധേയമാക്കുന്ന സമയത്ത് അവയിൽ നിന്നുള്ള വരുമാന സാധ്യതകളെല്ലാം ഉൾക്കൊള്ളിക്കുന്നതിനും പദ്ധതിയെ മികച്ച രീതിയിൽ പ്രയോജനപ്പെടുത്തുന്നതിനും പ്രാധാന്യം നല്കുന്നു. പദ്ധതികൾക്കുള്ള തുക വായ്പയായി അനുവദിക്കുമ്പോൾ തിരിച്ചടവ് ബാധ്യത വിലയിരുത്തുകയും സർക്കാരിന് ബാധ്യതയാകാത്ത വിധം കൃത്യമായ തിരിച്ചടവ് ഉറപ്പുവരുത്തിയുമാണ് നിലവിൽ ഓരോ പദ്ധതിയും കിഫ്ബി അംഗീകരിക്കുന്നത്. ഇതിന് കിഫ്ബി നൂതന സങ്കേതങ്ങളും അന്താരാഷ്ട്രതലത്തിൽ അംഗീകരിക്കപ്പെട്ട പ്രവചന മാതൃകകളും അവലംബിക്കുന്നുണ്ട്.

ചെറുകിട വ്യവസായ വാണിജ്യ മേഖലയ്ക്ക് സഹായ പാക്കേജ്

17 (*167) ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ:
ശ്രീ. പി. എസ്. സുപാൽ:
ശ്രീ. പി. ബാലചന്ദ്രൻ:
ശ്രീമതി സി. കെ. ആശ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ) സദയം മറുപടി നൽകുമോ;

(എ) കോവിഡ് രണ്ടാം തരംഗത്തെത്തുടർന്ന് ചെറുകിട തൊഴിൽ സംരംഭങ്ങൾക്കും വാണിജ്യ മേഖലയ്ക്കും ഉണ്ടായ പ്രതിസന്ധി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വ്യവസായ വാണിജ്യ വകുപ്പുവഴി കൈകാര്യം ചെയ്യുന്നത് സൂഷ്മ ചെറുകിട ഇടത്തരം മേഖലയിലെ സംരംഭങ്ങളുടെ വിഷയങ്ങളാണ്. അത്തരം സംരംഭങ്ങൾക്കായി കോവിഡ് രണ്ടാം തരംഗത്തെത്തുടർന്നുള്ള പ്രതിസന്ധി മറികടക്കുന്നതിലേയ്ക്കായി കോവിഡ് സമാശ്വാസപദ്ധതി എന്ന പേരിൽ ഒരു പാക്കേജ് പ്രഖ്യാപിച്ചിട്ടുണ്ട്.